പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *317

13.07.2015-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴയ്ക്കൻ:<br>ശ്രീ.ഡൊമിനിക്ക് പ്രസന്റേഷൻ:<br>ശ്രീ.ഷാഫി പറമ്പിൽ:<br>ശ്രീ.സണ്ണി ജോസഫ്: | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ K-VATIS സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി നികുതി ഒടുക്കുന്നതിനായി എക്സൈസ് ഇ-പേയ്മെന്റ് സോഫ്റ്റ് വെയർ വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിൽ നിന്ന് ഇലക്ട്രോണിക്സ് തലത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ-3, എഫ് എൽ-11, എഫ്.എൽ-4 എ എന്നീ മൂന്നിനം ലൈസൻസ് പുതുക്കൽ സർവ്വീസുകൾ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ |

സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകിവരുന്നു. കൂടാതെ മറ്റു സർവീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേക്ക് വകുപ്പിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ എക്സൈസ് കമ്മീഷണറേറ്റിലും, തുടർന്ന് ഡിവിഷൻ, മേഖലാ ഓഫീസുകളിലും മറ്റു സബ് ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണറേറ്റിൽ ഇ -ഫയലിംഗ് സംവിധാനം സെപ്റ്റംബർ മാസത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു. വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഇതു സംബന്ധിച്ച് അടിസ്ഥാന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് ക്രൈം റിക്കോർഡ്സ്

| | | |
|---|---|---|
| | | ബ്യൂറോയുടെ ആവശ്യത്തിലേക്കായി ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (ബി) | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിന് റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡി നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റേഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെടുത്തുന്നു. |
| (സി) | എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. വാണിജ്യ നികുതി വകുപ്പിന്റെ K-VATIS Software-നെ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി ഫീസുകൾ ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സിസ്റ്റം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്. വകുപ്പിൽ നിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ |

കഴിയുന്ന 22 സർവ്വീസുകളിൽ എഫ്.എൽ3, എഫ്.എൽ-11, എഫ്.എൽ.4 എ എന്നീ മൂന്നിനം ലൈസൻസ് പുതുക്കൽ സർവ്വീസുകൾ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സർവീസ് പ്ലസ് എന്ന സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകിവരുന്നു. കൂടാതെ മറ്റു സർവീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.